**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2177** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ വ്യാപകമായി തുടരുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ തടയുന്നതിന് സർക്കാർ സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | ഇത്തരം തട്ടിപ്പുകൾ തടയുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; | (ബി) | സൈബർ തട്ടിപ്പുകൾ തടയുന്നതിന് താഴെപ്പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>1)സൈബർ തട്ടിപ്പുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ സൈബർ പോലീസ് സ്റ്റേഷനുകൾ മുഖേന കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.<br>2) ഓൺലൈൻ ലോൺ തട്ടിപ്പുകളെക്കുറിച്ച് വിവരം നൽകുന്നതിനായി കേരള പോലീസിന്റെ 9497980900 എന്ന വാട്സ്ആപ്പ് നമ്പറും 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. നഷ്ടപ്പെട്ട പണം പ്രതികളുടെ അക്കൗണ്ടിൽ നിന്നും കൈമാറ്റം ചെയ്യപ്പെടാതെ ബ്ലോക്ക് ചെയ്യുന്നതിനും 1930 എന്ന ടോൾ ഫ്രീ നമ്പരും 24 മണിക്കൂറും ലഭ്യമാണ്. ഇതിനു പുറമെ,ഓൺ ലൈൻ സാമ്പത്തിക തട്ടിപ്പിനിരയായി സാമ്പത്തിക നഷ്ടം സംഭവിക്കുന്നവർക്ക് മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സിന്റെ നാഷണൽ സൈബർ ക്രൈം പോർട്ടലിൽ പരാതി രജിസ്റ്റർ ചെയ്യുന്നതിനും പ്രത്യേക സംവിധാനം നിലവിലുണ്ട്.<br>3)സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനും സൈബർ സുരക്ഷ ഉറപ്പു വരുത്തുന്നതിനും കേരള പോലീസ് സൈബർ ഡിവിഷൻ എന്ന പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്.<br>4)സൈബർ ഡിവിഷൻ പ്രവർത്തന സജ്ജമാകുന്നതോടെ ജില്ലകളിലെ സൈബർ കുറ്റാന്വേഷണങ്ങൾ ഏകോപിപ്പിക്കുന്നതിനും സൈബർ പട്രോൾ വഴി സൈബർ വിവര ശേഖരണത്തിനുമായി ഒരു പ്രത്യേക സംവിധാനം എല്ലാ റെയ്ഞ്ച് തലത്തിലും പ്രവർത്തിയ്ക്കുന്നു. |

| | | | |
|---|---|---|---|
| | | | 5) സംസ്ഥാനത്തൊട്ടാകെ രജിസ്റ്റർ ചെയ്യുന്ന സൈബർ കേസുകളിൽ അന്വേഷണത്തിന് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനും സംശയങ്ങൾ ദൂരീകരിക്കുന്നതിനും പ്രത്യേക ഡെസ്കുകൾ സൈബർ ആസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>6) സൈബർ മേഖലയിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തുന്നതിനാവശ്യമായ നൂതന സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിന് റിസർച്ച് ആന്റ് അനാലിസിസ് വിഭാഗവും സൈബർ സാങ്കേതിക മേഖലയിലെ പുതിയ അറിവുകൾ പോലീസ് ഉദ്യോഗസ്ഥർക്ക് പകർന്ന് നൽകുന്നതിനുമായി ട്രെയിനിംഗ് ആന്റ് കപ്പാസിറ്റി ബിൽഡിംഗ് വിഭാഗവും സൈബർ ആസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഇതു തട്ടിപ്പുകളെ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, തട്ടിപ്പ സംഘങ്ങളെ നിയന്ത്രിക്കുന്നതിനും എന്തെല്ലാം പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകളെ കുറിച്ച് പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിന് മുഖ്യധാരാ മാധ്യമങ്ങളിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും ലഘു വീഡിയോകളിലൂടേയും പ്രചാരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കിടയിൽ ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും സൈബർ സുരക്ഷയെ കുറിച്ച് ബോധവൽക്കരിക്കുന്നതിനും 7000 സൈബർ വോളണ്ടിയേഴ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. 2023-ൽ ഓൺലൈൻ സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളിലും സൈബർ പട്രോളിംഗിലൂടെ തട്ടിപ്പിനുപയോഗിച്ചു എന്ന് കണ്ടെത്തിയതുമായ 3,339 മൊബൈൽ സിം കാർഡുകളും 5,175 മൊബൈൽ ഫോണുകളും 3,251 ബാങ്ക് അക്കൗണ്ടുകളും 1,475 വെബ്സൈറ്റുകളും 158 അനധികൃത ഓൺലൈൻ ലോൺ ആപ്പുകളും നിർജ്ജീവമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ